# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2666 20.06.2013 -ലെ മറുപടിക്ക്.</u>**

## <u>ദേവികുളം മണ്ഡലത്തിലെ ഹയർ സെക്കന്ററി സ്കൂളുകൾ</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | | ശ്രീ. പി. കെ. അബ്ദുറബ്ബ്<br>(ബഹു: വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ദേവികുളം മണ്ഡലത്തിൽ മാങ്കുളം, അടിമാലി ,പള്ളിവാസൽ, മൂന്നാർ, മറയൂർ പഞ്ചായത്തുകളിൽ നിലവിൽ പ്ലസ് ടു അനുവദിച്ചിട്ടുണ്ടോ ; | (എ) & (ബി) | പുതിയ പ്ലസ് ടു സ്കൂളുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. |
| (ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകൾ എന്ന് വ്യക്തമാക്കുമോ ; | | |
| (സി) മാങ്കുളം, പള്ളിവാസൽ പഞ്ചാത്തുകളിൽ ഹയർ സെക്കന്ററി സ്കൂൾ ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഗവൺമെന്റ് /എയ്ഡഡ് മേഖലയിൽ മാങ്കുളം പഞ്ചായത്തിൽ ഹയർസെക്കന്ററി പഠന സൗകര്യം നിലവിലില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പള്ളിവാസൽ ഗ്രാമ പഞ്ചായത്തിൽ പഠനസൗകര്യം ലഭ്യമാണ്. |
| (ഡി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്;<br>(ഇ) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ? | (ഡി) & (ഇ) | സംസ്ഥാനത്ത് ഹയർസെക്കന്ററി സ്കൂൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ ഹയർസെക്കന്ററി സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ